മണിയൂർ ഹയർസെക്കന്ററി സ്കൂളിലെ ഗസ്റ്റ് അദ്ധ്യാപകർ

60 (2968) ശ്രീമതി കെ. കെ. ലതിക : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കോഴിക്കോട് ജില്ലയിൽ മണിയൂർ പഞ്ചായത്ത് ഹയർസെക്കന്ററി സ്കൂളിൽ 2011 ഓഗസ്റ്റ് മുതൽ എത്ര ഗസ്റ്റ് അദ്ധ്യാപകരെ നിയമിച്ചിട്ടുണ്ട് എന്ന് വ്യക്തമാക്കുമോ ;

(ബി) അവർ ഓരോരുത്തരും എത്ര കാലം ജോലി ചെയ്തുവെന്നും ഗസ്റ്റ് അദ്ധ്യാപകർ എന്ന നിലയിൽ അവർക്ക് ഏതൊക്കെ മാസത്തെ ശമ്പളം നൽകിയിട്ടുണ്ട് എന്നും ഇനിയും എത്ര മാസത്തെ ശമ്പളം ലഭ്യമാക്കാനുണ്ടെന്നും വ്യക്തമാക്കുമോ ;

(സി) പ്രസ്തുത അദ്ധ്യാപകർക്ക് നൽകാനുള്ള ശമ്പളം എപ്പോൾ നൽകുമെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) 42

(ബി) 29 അദ്ധ്യാപകർക്ക് ജോലി സമയത്തിന് ആനുപാതികമായി വേതനം നൽകിയിട്ടുണ്ട്. വിശദവിവരങ്ങൾ അനുബന്ധം I ആയി ചേർക്കുന്നു.* വേതനം നൽകുവാനുള്ള 13 അദ്ധ്യാപകരുടെ വിശദാംശങ്ങൾ അനുബന്ധം II ആയി ചേർക്കുന്നു.*

(സി) 2011-12 അദ്ധ്യയന വർഷം മുതൽ പ്രവർത്തനമാരംഭിച്ച അധിക ഹയർസെക്കന്ററി ബാച്ചുകളിലേക്ക് റെഗുലർ തസ്തിക സൃഷ്ടിക്കുന്നതുവരെ നിലവിലുള്ള നിയമങ്ങൾക്കനുസൃതമായി ദിവസവേതനാടിസ്ഥാനത്തിൽ അദ്ധ്യാപകരെ നിയമിക്കുന്നതിന് ഹയർസെക്കന്ററി ഡയറക്ടർക്ക് അനുമതി നൽകിയിരുന്നു. ജോലിഭാരത്തിനനുസരിച്ച് തസ്തിക സൃഷ്ടിച്ചിട്ടില്ലാത്തതിനാൽ പ്രസ്തുത അദ്ധ്യാപകർക്ക് അപ്പോൾ വേതനം നൽകുവാൻ കഴിയുമായിരുന്നില്ല. പിന്നീട് പ്രസ്തുത ബാച്ചുകളിലേക്ക് റെഗുലർ തസ്തിക സൃഷ്ടിച്ച് ഉത്തരവ് പുറപ്പെടുവിക്കുകയും ആയതിനുശേഷം ടി ബാച്ചുകളിൽ സേവനമനുഷ്ഠിച്ചിരുന്ന ദിവസവേതനാടിസ്ഥാനത്തിൽ നിയമിക്കപ്പെട്ട അദ്ധ്യാപകർക്ക് വേതനം നൽകുന്നതിനുള്ള ശിപാർശ ഹയർസെക്കന്ററി ഡയറക്ടർ സർക്കാരിൽ ലഭ്യമാക്കുകയും ചെയ്തു. അതിന്റെ

*ലൈബ്രറിയിൽവച്ചിട്ടുണ്ട്.

807/2017

LIBRARY ARCHIVES Kerala Legislative Assembly

അടിസ്ഥാനത്തിൽ നിലവിലുള്ള നിയമങ്ങൾക്കും ജോലിഭാരത്തിനും അനുസൃതമായി നിയമിക്കപ്പെട്ട യോഗ്യരായ എല്ലാ ഗസ്റ്റ് അദ്ധ്യാപകർക്കും വേതന കുടിശ്ശിക നൽകുന്നതിനുള്ള അടിയന്തര നടപടികൾ സ്വീകരിച്ചുവരുന്നു.

മലപ്പുറം ഹയർസെക്കന്ററി റീജിയണൽ ഡയറക്ടർ ഓഫീസിന് ഔദ്യോഗിക വാഹനം

61 (2969) ശ്രീ. ടി. എ. അഹമ്മദ് കബീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മലപ്പുറം ഹയർസെക്കന്ററി റീജിയണൽ ഡയറക്ടർ ഓഫീസിന് ഔദ്യോഗിക വാഹനം അനുവദിക്കണമെന്നാവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ ഔദ്യോഗിക വാഹനം അനുവദിക്കുന്നതിന് സത്വര നടപടി സ്വീകരിക്കുമോ ;

(സി) ഇല്ലെങ്കിൽ സംസ്ഥാനത്ത് ഏറ്റവും കൂടുതൽ വിദ്യാഭ്യാസ സ്ഥാപനങ്ങളുള്ള മലപ്പുറം ജില്ലയും സംസ്ഥാനത്തെ ഏറ്റവും വലിയ ജില്ലയായ പാലക്കാട് ജില്ലയും അധികാര പരിധിയുള്ള മലപ്പുറം റീജിയണൽ ഡയറക്ടർക്ക് വാഹനം അനുവദിക്കേണ്ട ആവശ്യകത പരിഗണിച്ച് നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി&സി) നിലവിലെ സാമ്പത്തിക ബുദ്ധിമുട്ട് പരിഗണിച്ച് ചെലവുകൾ നിയന്ത്രിക്കുന്നതിനും സാമ്പത്തിക അച്ചടക്കം പാലിക്കുന്നതിനുമായി ധനകാര്യ വകുപ്പിന്റെ നിർദ്ദേശ പ്രകാരം മലപ്പുറം ഹയർസെക്കന്ററി റീജിയണൽ ഓഫീസിന് ഔദ്യോഗിക വാഹനം വാങ്ങാൻ സർക്കാർ അനുമതി നൽകിയിട്ടില്ല. എന്നാൽ സർക്കാർ അംഗീകൃത നിരക്കിൽ വാഹനം വാടകയ്ക്ക് എടുത്ത് ഉപയോഗിക്കാൻ മലപ്പുറം ഹയർസെക്കന്ററി റീജിയണൽ ഡെപ്യൂട്ടി ഡയറക്ടർക്ക് അനുമതി നൽകിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly